**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ നിലവിൽ തുറന്നു പ്രവർത്തിക്കുന്ന ബഥേൽ എസ്റ്റേറ്റിലെ ലയങ്ങളിൽ താമസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ടോയ്‌ലെറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.172/2020/LSGD തീയതി,തിരുവനന്തപുരം, 22/01/2020

---

പരാമർശം:- 1 വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 30.09.2019-ലെ ഭരണസമിതി തീരുമാനം നമ്പർ 1(2)

2 വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.10.2019-ലെ A3- 6308/19 നമ്പർ കത്ത്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.12.2019-ലെ 3595/A/2019/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ നിലവിൽ തുറന്നു പ്രവർത്തിക്കുന്ന ബഥേൽ എസ്റ്റേറ്റിലെ ലയങ്ങളിൽ താമസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കൂടി ശുചിത്വ മിഷന്റെ ഫണ്ടും ത്രിതല പഞ്ചായത്തിന്റെ ഫണ്ടും വിനിയോഗിച്ച് ടോയ്‌ലെറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് സർക്കാർ അനുമതി തേടുന്നത് സംബന്ധിച്ച വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) പ്രകാരമുള്ള തീരുമാനം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു

2. ബഥേൽ എസ്റ്റേറ്റിലെ ലയങ്ങളിൽ താമസിക്കുന്നവർക്ക് ടോയ്‌ലെറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകാവുന്നതാണ് എന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ നിലവിൽ തുറന്നു പ്രവർത്തിക്കുന്ന ബഥേൽ എസ്റ്റേറ്റിലെ ലയങ്ങളിൽ താമസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ടോയ്‌ലെറ്റുകൾ നിർമ്മിച്ച് നൽകുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

i. ബഥേൽ എസ്റ്റേറ്റിലെ ലയങ്ങളിൽ ഒരു സർവ്വേ നടത്തി ശൗചാലയങ്ങൾ ഇല്ലാത്ത/അറ്റകുറ്റപ്പണി ആവശ്യമായ കുടുംബങ്ങളെ കണ്ടെത്തേണ്ടതാണ്.

ii. ശൗചാലയങ്ങൾ ഇല്ലാത്ത കുടുംബങ്ങൾക്ക് ശൗചാലയങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള ഫണ്ട് ഇടുക്കി ജില്ലയിൽ/ സംസ്ഥാന ശുചിത്വ മിഷനിൽ ലഭ്യമായ സി.എസ്.ആർ ഫണ്ടിൽ നിന്നും (കേന്ദ്ര സംസ്ഥാന വിഹിതമായ 12000/-രൂപ) കണ്ടെത്തേണ്ടതും 3400/ രൂപ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തേണ്ടതുമാണ്

iii. അറ്റകുറ്റപ്പണി ആവശ്യമായ ശൗചാലയങ്ങൾക്ക് ഇടുക്കി ജില്ലാമിഷനിൽ ലഭ്യമായ പെർഫോർമൻസ് ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും 5000/ രൂപയും ബാക്കിയുള്ള തുക ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ മാലിന്യ സംസ്കരണ മേഖലയ്ക്കായി മാറ്റി വച്ചിരിക്കുന്ന 10% തുകയിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

iv. കമ്മ്യൂണിറ്റി ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് കോസ്റ്റായ രണ്ടു ലക്ഷം രൂപയുടെ 75% ശുചിത്വ മിഷനിൽ ലഭ്യമായ സി.എസ്.ആർ ഫണ്ടിൽ നിന്നും 25% ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തേണ്ടതുമാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

ശ്രീമതി.ബിജിമോൾ എം.എൽ.എ, പീരുമേട് (ആമുഖ കത്ത് സഹിതം)
പ്രസിഡന്റ്/സെക്രട്ടറി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E/GSSA/ERSA)) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.01.23 10:19:46 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്